# Mannan Vannan Samudaya Sangham (MVSS)

Regd. No: S.349/04 dt. 11-08-04

**KERALA STATE COMMITTEE**

P.O. NADAKKAVU – 673011, KOZHIKODE DIST.

President:
**N ASOKAN**
Nedumpala, Nanminda P O, Kozhikode,
673613-PIN.
Mob: +919446521473

Secretary:
**O K VISWANATHAN**
Navaneetham, Vellachal, Makreri P O,
Kannur, 670622-PIN.
Mob: +916446326670


Date:25-12-2016.

പ്രിൻസിപ്പൽ സെക്രട്ടറി
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
ഗവർമ്മെണ്ട് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം: ഗസറ്റ് വിജ്ഞാപനം- പെരുവണ്ണാനെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്.

സൂചന: (1)ഭരണഘടന (പട്ടികജാതി) ഭേദഗതി -ആക്റ്റ് 24,- 2016.
(2) 9-5 -2016 ലെ കേന്ദ്ര ഗസറ്റ് വിജ്ഞാപനം
(3 )അങ്ങയുടെ 20- 6- 2016 ലെ -ജി1/63725 0/16 നമ്പർ സർക്കുലർ.

അങ്ങയുടെ വകുപ്പിന്റെ ശുപാർശ പരിഗണിച്ചു, കേന്ദ്ര സർക്കാർ സൂചന (1)പ്രകാരം പെരുവണ്ണാനെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും സൂചന(2) പ്രകാരം ഗസറ്റ് വിജ്ഞാപനം നടത്തുകയും ചെയ്തു. തുടർന്ന്, ജാതി സർട്ടിഫിക്കറ്റ് നല്കാൻ അധികാരപ്പെടുത്തിയവർക്ക് സൂചന (3) പ്രകാരം പെരുവണ്ണാന് പട്ടികജാതി സർട്ടിഫിക്കറ്റ് നല്കാൻ നിർദ്ദേശിച്ചുകൊണ്ട് അങ്ങയുടെ വകുപ്പ് സർക്കുലർ അയക്കുകയുമുണ്ടായി. പക്ഷെ, പെരുവണ്ണാൻ, മലയൻ തുടങ്ങിയ സമുദായങ്ങളെ പട്ടികജാതിയിൽ ചേർത്ത വിവരം ഇതേവരെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടില്ല: അതുകൊണ്ട് തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പട്ടികജാതി ലിസ്റ്റിലും പ്രസ്തുത സമുദായങ്ങൾ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. ഇത് കാരണം മേൽപ്പറഞ്ഞ സമുദായങ്ങളിൽ പെട്ട ഉദ്യോഗാർത്ഥികൾക്ക് കെ.പി.എസ്സ്.സി. വിജ്ഞാപനം നടത്തിയ തസ്തികകളിലേക്ക് അർഹതപ്പെട്ട സംവരണ ക്വാട്ടയിൽ അപേക്ഷ നൽകാൻ കഴിയാത്ത സ്ഥിതിയാണ് ഉള്ളത്.

ആയതിനാൽ, ബന്ധപ്പെട്ട സമുദായങ്ങളിലെ ഗുണഭോക്താക്കൾക്ക് ഉപകാരപ്പെടേണ്ടതിലേക്കു, മേൽപ്പറഞ്ഞ രണ്ട് സമുദായങ്ങളെ പട്ടികജാതിയിൽ ചേർത്ത വിവരം കേരള ഗവ: പ്രസ്സിനെയും കേരള പബ്ലിക് സർവ്വീസ് കമ്മിഷനെയും ആധികാരികമായി അറിയിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

എൻ.അശോകൻ,
സ്റേറ്റ് പ്രസിഡണ്ട്.
എം.വി.എസ്സ്.എസ്സ്